**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3780** **27-10-2021 - ൽ മറുപടിയ്ക്ക്**

**ഐ.ടി.ഐ. യോഗ്യത ഉള്ള ഉദ്യോഗാർഥികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ വകുപ്പുകളിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ ഒഴിവുകളിലേക്ക് പി.എസ്.സി മുഖേന അപേക്ഷ ക്ഷണിക്കുമ്പോൾ ഐ.ടി.ഐ. യോഗ്യത വേണ്ട തസ്തികകളിൽ ബി.ടെക്, ഡിപ്ലോമ എന്നീ ഉയർന്ന യോഗ്യതകളുള്ളവരെ ഉൾപ്പെടുത്താറുണ്ടോ; | (എ) | ഐ.ടി.ഐ യോഗ്യത വേണ്ട തസ്തികകൾ വിശേഷാൽ ചട്ടം/സർക്കാർ ഉത്തരവുകൾ പ്രകാരം ഐ.ടി.ഐ യോഗ്യതയുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ലെങ്കിൽ കെ.എസ്.&എസ്.എസ്.ആർ ഭാഗം രണ്ടിലെ 10(എ) (ii) ചട്ടപ്രകാരമുള്ള ഉയർന്ന യോഗ്യതകളെന്ന നിലയിൽ ബി.ടെക്, ഡിപ്ലോമ യോഗ്യതയുള്ളവരേയും പരിഗണിക്കാറുണ്ട്. |
| (ബി) | ഐ.ടി.ഐ. യോഗ്യത ഉള്ള ഉദ്യോഗാർഥികൾക്ക് ഇതുമൂലം റാങ്ക് ലിസ്റ്റിൽ മുന്നിൽ വരുന്നതിന് തടസ്സം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഐ.ടി.ഐ യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾക്ക് ഐ.ടി.ഐ നിലവാരത്തിലുള്ള സിലബസ് പ്രകാരമുള്ള പരീക്ഷകൾ നടത്തിയാണ് റാങ്ക് പട്ടിക തയ്യാറാക്കുന്നത്. ആയതിനാൽ ഐ.ടി.ഐ യോഗ്യതയുള്ളവർ ഒഴിവാക്കപ്പെടുന്ന സാഹചര്യം നിലവിലില്ല. |
| (സി) | ഐ.ടി.ഐ. അല്ലെങ്കിൽ തത്തുല്യമായ യോഗ്യത ആവശ്യപ്പെടുന്ന നിയമനങ്ങൾക്ക് ഉയർന്ന യോഗ്യത ഉള്ളവർ അപേക്ഷിക്കുകയും പരീക്ഷകൾ ആ നിലവാരത്തിൽ നടക്കുകയും ചെയ്യുന്നത് താഴ്ന്ന യോഗ്യതയുള്ളവരെ ബാധിക്കുന്നുണ്ടെന്ന പരാതികൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ഐ.ടി.ഐ യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള തസ്തികകൾക്ക് ഐ.ടി.ഐ നിലവാരത്തിലുള്ള സിലബസ് പ്രകാരമുള്ള പരീക്ഷകൾ നടത്തിയാണ് റാങ്ക് പട്ടിക തയ്യാറാക്കുന്നത്. ആയതിനാൽ ഐ.ടി.ഐ യോഗ്യതയുള്ളവർ ഒഴിവാക്കപ്പെടുന്ന സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ